# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം : *485 — 02-07-2013-ൽ മറുപടിക്ക്

### കെ. എസ് ഇ.ബി. അദാലത്തുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.എഫ്.തോമസ്<br>,, തോമസ് ഉണ്ണിയാടൻ<br>,, റ്റി .യു .കുരുവിള<br>,, മോൻസ് ജോസഫ് | | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) | |
| (എ) | കെ.എസ്.ഇ.ബി. വൈദ്യുതി ചാർജ്ജ് ഈടാക്കുന്നതിൽ പലപ്പോഴും വ്യാപകമായി പരാതി ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്നു വ്യക്തമാക്കുമോ ; | (എ) & | വ്യാപകമായി പരാതികൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>ഇലക്ട്രിസിറ്റി ആക്ട് 2003 പ്രകാരം ബഹുമാനപ്പെട്ട കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന താരിഫ് പ്രകാരമാണ് ബോർഡ് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത്. |
| (ബി) | വൈദ്യുതി ചാർജ്ജ് മൂന്നും നാലും ഇരട്ടിയായി വർദ്ധിപ്പിച്ച് ഈടാക്കുന്നതു മൂലം പലപ്പോഴും ഉപഭോക്താക്കൾക്ക് ഉള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സ്ഥിരം പരാതി പരിഹാര സെൽ രൂപീകരിക്കുമോ; | (ബി) | വൈദ്യുതി ചാർജ്ജ് മൂന്നും നാലും ഇരട്ടിയായി വർദ്ധിപ്പിച്ച് ഒരു ഉപഭോക്താവിൽ നിന്നും ബോർഡ് ഈടാക്കിയിട്ടില്ല. എന്നാൽ 2012 ജൂലൈ ഒന്ന് മുതലും 2013 മേയ് ഒന്നു മുതലും കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നടപ്പാക്കിയ താരിഫ് പരിഷ്ക്കരണം ബോർഡിൽ നടപ്പിലാക്കാൻ ചെറിയ കാലതാമസം വന്നിരുന്നു. ഇതുമൂലം ഉപഭോക്താക്കൾക്ക് ഒരു ബില്ലിംഗ് കാലയളവിനേക്കാൾ കൂടുതലായുള്ള കാലയളവിലേക്ക് ബിൽ നൽകേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്.<br>വൈദ്യുതി ബില്ലിലെ തെറ്റുകൾ സംബന്ധിച്ച പരാതികൾ ഇലക്ട്രിക്കൽ സെക്ഷനാഫീസിൽ നൽകി പരിഹരിയ്ക്കാവുന്നതാണ്. സെക്ഷനാഫീസിൽ |

പരിഹരിയ്ക്കാത്തവ മേലധികാരികൾക്ക് പരാതി നൽകി പരിഹരിയ്ക്കാവുന്നതാണ്. കൂടാതെ പരാതികൾ പരിഹരിയ്ക്കുന്നതിന് ബോർഡ് കൊട്ടാരക്കരയിലും, എറണാകുളത്തും കോഴിക്കോട്ടും കൺസ്യൂമർ ഗ്രീവൻസ് റീഡ്രസ്സൽ ഫോറം രൂപീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | വൈദ്യുതി കണക്ഷൻ, അമിത വൈദ്യുതി ചാർജ്, അനുവാദമില്ലാതെ മറ്റൊരാളുടെ ഭൂമിയിലൂടെ വൈദുതി ലൈൻ വലിക്കൽ തുടങ്ങിയ പരാതികൾ പരിഹരിക്കുന്നതിന് അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | സി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ